4. ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്ക്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ഒൻപത് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്ക്കൂളുകൾക്കായി 1999-2000 വർഷം 44 ലക്ഷം രൂപ അനുവദിച്ച് നല്കിയിട്ടുണ്ട്. ഇതിൽ വിദ്യാർത്ഥികളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിനാവശ്യമുള്ള സ്പോർട്സ് ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള തുകയും ഉൾപ്പെടുത്തിയിട്ടുണ്ട്.

(5) കൊയിലാണ്ടി, കരുനാഗപ്പള്ളി എന്നിവിടങ്ങളിൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളുകളുടെ പുതിയ കെട്ടിടത്തിന്റെയും ഹോസ്റ്റലിന്റെയും നിർമ്മാണം പൂർത്തീകരിച്ചു.

(സി&ഡി) ഉണ്ട്. താഴെ പറയുന്ന 9 ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളുകളും ഇതിനായി തെരഞ്ഞെടുത്തിട്ടുണ്ട്.

1. ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ, വലിയതുറ.
2. ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ, കരുനാഗപ്പള്ളി.
3. ഗവ: റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ, അർത്തുങ്കൽ.
4. ഗവ. റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ, തേവര.
5. ഗവ. റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ, ചാവക്കാട്.
6. ഗവ. റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ, താനൂർ.
7. ഗവ. റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ, ബേപ്പൂർ.
8. ഗവ. റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ ഫോർ ഗേൾസ്, കൊയിലാണ്ടി.
9. ഗവ. റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ, അഴിക്കൽ.

കാഞ്ഞങ്ങാട് ഫിഷ് ലാന്റിംഗ് സെന്റർ

77 (2102) ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാഞ്ഞങ്ങാട് ഫിഷ്ലാന്റിംഗ് സെന്ററിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ഫിഷിംഗ് ലാന്റിംഗ് സെന്റർ ആരംഭിക്കുവാനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സെന്റർ ആരംഭിക്കുന്നതിന് എന്തൊക്കെ നടപടി ഇതിനകം പൂർത്തിയാക്കിയിട്ടുണ്ടെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ-സി) കാഞ്ഞങ്ങാട് ഫിഷ്‌ലാന്റിംഗ് സെന്റർ റവന്യൂ പുറംപോക്ക് ഭൂമിയിൽ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. പ്രസ്തുത സ്ഥലം അനധികൃത കൈയേറ്റങ്ങൾ ഒഴിവാക്കികിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് പോക്കറ്റ് മണി

78 (2103) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ഇപ്പോൾ നൽകുന്നത് ;

(ബി) സംസ്ഥാനത്ത് ഫിഷറീസ് ടെക്നിക്കൽ ഗേൾസ് ഹൈസ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥിനികൾക്ക് പ്രതിമാസം പോക്കറ്റ് മണി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസത്തിനായി സൗജന്യ ഹോസ്റ്റൽ സൗകര്യം, മെസ് അലവൻസ്, ലംപ്സം ഗ്രാന്റ് തുടങ്ങിയവ നൽകിവരുന്നു. മെസ്സ് അലവൻസായി 500 രൂപവീതം പ്രതിമാസം നൽകിവരുന്നു. മത്സ്യത്തൊഴിലാളിക്ഷേമനിധി ബോർഡുവഴി മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസ പ്രോത്സാഹനത്തിനായി എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് ഏറ്റവും കൂടുതൽ മാർക്കുവാങ്ങുന്ന വിദ്യാർത്ഥിക്ക് 3,000 രൂപയും 2-ാം സ്ഥാനക്കാരന് 2,000 രൂപയും ജില്ലാതലത്തിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന വിദ്യാർത്ഥിക്ക് 1,000 രൂപ വീതവും സംസ്ഥാന തലത്തിൽ ഒന്നും, രണ്ടും സ്ഥാനങ്ങൾ നേടുന്നവർക്ക് പഠനം തുടരുന്ന രണ്ട് അദ്ധ്യയന വർഷത്തേക്ക് പ്രതിമാസം 100 രൂപ വീതവും നൽകിവരുന്നു. മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി 8, 9, 10 എന്നീ ക്ലാസുകളിൽ പഠിക്കുന്നവർക്ക് ഇംഗ്ലീഷ്, കണക്ക്, ഫിഷറീസ്, സയൻസ് എന്നീ വിഷയങ്ങളിൽ സ്പെഷ്യൽ ട്യൂഷൻ 2000-2001 അദ്ധ്യയന വർഷം മുതൽ നടപ്പിലാക്കിവരുന്നു. പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ലാബ്, ലൈബ്രറി, മ്യൂസിയം, റ്റി.വി., ഡി.വി.ഡി., ഒ.എച്ച്.ഡി. എന്നീ സൗകര്യങ്ങളും നൽകിയിട്ടുണ്ട്. കൂടാതെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ അതേ നിരക്കിൽ മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കും നൽകി വരുന്നു.

(ബി) മത്സ്യ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 9 റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്ക്കൂളുകളിൽ കൊയിലാണ്ടി ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly